**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2666 21.06.2012- ൽ മറുപടിക്ക്**

**ദുരന്തനിവാരണസേന**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.വി വിജയദാസ് | | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | കേരളത്തിൽ ദുരന്തനിവാരണത്തിനായി ഒരു സമഗ്രപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഇല്ല. സംസ്ഥാനത്ത് പ്രകൃതിദുരന്തം ഉണ്ടായാൽ ആദ്യമായി ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ട വിവിധ വകുപ്പുകളെയും ഏജൻസികളെയും ഒത്തൊരുമിപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ചെയർമാനായ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (എസ്.ഡി.എം.എ) നിലവിലുണ്ട്. പ്രകൃതിക്ഷോഭ നിവാരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ട വിവിധ വകുപ്പുകൾ അവരവരുടെ ദുരന്തനിവാരണ പദ്ധതി തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം സംസ്ഥാന ദുരന്ത നിവാരണ പദ്ധതി (State Disaster Management Plan) തയ്യാറാക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇതിനുപരിയായി കേരള സംസ്ഥാനത്തെ ദുരന്താഘാത ലഘൂകരണ പ്രവർത്തനത്തിനായി 14,76,30,00,000/- രൂപയുടെ ഒരു സമഗ്ര പദ്ധതി തയ്യാറാക്കി കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനായി ബഹു. ഇൻഡ്യൻ പ്രധാനമന്ത്രി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം | പ്രൊജക്ടിന്റെ ഉദ്ദേശം | പ്രതീക്ഷിക്കുന്ന തുക |
|---|---|---|
| 1. | ദുരന്ത നിവാരണ സ്ഥാപന ശാക്തീകരണം (Institutional Strengthening for Disaster Management) | 83,85,00,000/- |
| 2. | പരിശീലനവും പ്രാപ്തി കൈവരിക്കലും (Training & Capacity Building) | 6,30,00,000/- |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>3.</td><td>ദുരന്താഘാത ലഘൂകരണത്തിനു വേണ്ട ഗവേഷണവും വികാസവും (Research and Development for Disaster Risk Reduction)</td><td>12,50,00,000/-</td></tr>
<tr><td>4.</td><td>പ്രകൃതി ദുരന്ത ലഘൂകരണം (National Hazards Mitigation)</td><td>13,58,50,00,000/-</td></tr>
<tr><td>5.</td><td>മനുഷ്യ നിർമ്മിത ദുരന്ത ലഘൂകരണം (Anthropogenic Hazards Mitigation)</td><td>15,15,00,000/-</td></tr>
</table>
</td>
</tr>
<tr>
<td>(ബി)</td>
<td>കേന്ദ്രത്തിൽനിന്നും എത്ര കോടി രൂപ ഇതിനായി 2011-12 വർഷം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ ഫണ്ട് എന്തെല്ലാം പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവെന്ന് വ്യക്തമാക്കാമോ;</td>
<td>(ബി)</td>
<td>സംസ്ഥാനത്തെ പ്രകൃതിക്ഷോഭ നിവാരണത്തിനും ദുരിതാശ്വാസത്തിനുമായി പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം രൂപീകൃതമായ സംസ്ഥാന ദുരന്തനിവാരണ നിധി (സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട്) ആണ് പ്രധാനമായും വിനിയോഗിക്കുന്നത്. 25% സംസ്ഥാന വിഹിതവും 75% കേന്ദ്ര സഹായവും ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള നിധിയാണ് ഇത്. 34.41 കോടി രൂപ സംസ്ഥാന വിഹിതവും 103.22 കോടി രൂപ കേന്ദ്ര സഹായവും ഉൾപ്പെടെ 137.63 കോടി രൂപയാണ് 2011-12 വർഷത്തിൽ ഈ നിധിയിൽ ലഭ്യമായിരുന്നത്. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് ശേഷി വർദ്ധിപ്പിക്കുന്നതിന് പതിമൂന്നാം ധനകാര്യ കമ്മീഷന്റെ സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റ് ഇൻ എയ്ഡ് ആയി 4 കോടി രൂപയും കേന്ദ്രസഹായമായി ലഭ്യമായിട്ടുണ്ട്. ഇത് കൂടാതെ 2011-12 വർഷത്തെ കാലവർഷക്കെടുതിയിൽ സംസ്ഥാനത്തിനുണ്ടായ വിവിധ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരമായി 109.69 കോടി രൂപയുടെ അധിക കേന്ദ്ര സഹായവും ലഭ്യമായിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങളിൽ ഉണ്ടാകുന്ന വിവിധങ്ങളായ നാശനഷ്ടങ്ങൾക്ക് നിലവിലുള്ള മാനദണ്ഡപ്രകാരം നഷ്ടപരിഹാരം നൽകൽ, വെള്ളപ്പൊക്കത്തിൽ തകരുന്ന റോഡുകൾ പുനർനിർമ്മിക്കൽ, വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനം എന്നിവയ്ക്കാണ് ഇവ പ്രധാനമായും</td>
</tr>
</table>

| | | | |
|---|---|---|---|
| | | | വിനിയോഗിക്കുന്നത്. സംസ്ഥാന ദുരന്തനിവാരണ നിധിയിൽ നിന്നും നൽകാവുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ പ്രത്യേകം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | സമഗ്രവും സുശക്തവുമായ ദുരന്തനിവാരണസേനയ്ക്ക് രൂപം നൽകുമോ; കേരളത്തിൽ ദുരന്തങ്ങൾ ഉണ്ടായാൽ നേരിടുന്നതിന് ഇപ്പോഴുള്ള സംവിധാനം പര്യാപ്തമാണോ; | (സി) | കേന്ദ്ര ദുരന്ത നിവാരണ സേന (National Disaster Response Force) യുടെ ഒരു യൂണിറ്റ് കോഴിക്കോട് കേന്ദ്രമാക്കി പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തിന് സ്വന്തമായി ഒരു ദുരന്തനിവാരണ സേന (സംസ്ഥാന ദുരന്തനിവാരണ സേന) രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ദുരന്തങ്ങൾ നേരിടുന്നതിനുള്ള ഇപ്പോൾ സംസ്ഥാനത്തുള്ള സംവിധാനം ഏറെക്കുറെ കാര്യക്ഷമമാണ്. എന്നിരുന്നാലും ദുരന്ത അപഗ്രഥനം, ദുരന്തസാധ്യത കുറയ്ക്കൽ, ദുരന്തസാധ്യതാ പ്രവചനം, ദുരന്ത പ്രതികരണം എന്നീ ഘടകങ്ങളിലൂന്നിയുള്ള ദുരന്തനിവാരണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | സുനാമി നേരിടുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദാംശം നൽകുമോ? | (ഡി) | കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സമുദ്ര വികസന വകുപ്പിന്റെ സ്വയം ഭരണ വിഭാഗമായ ഇന്ത്യൻ ദേശീയ സമുദ്രാന്വേഷണ സേവന കേന്ദ്ര (INCOIS) ത്തിൽ നിന്നാണ് സുനാമി സംബന്ധിച്ച പ്രവചനങ്ങൾ നൽകുന്നത്. സുനാമി സാധ്യത സംബന്ധിച്ച വിവരങ്ങൾ ലഭ്യമായാലുടനെ തന്നെ ലാന്റ് റവന്യൂ കമ്മീഷണറുടെ ഓഫീസിൽ പ്രവർത്തിക്കുന്ന കൺട്രോൾറൂം മുഖാന്തിരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കും ആവശ്യമായ വിവരങ്ങൾ നൽകി സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്. ജില്ലാ കളക്ടർ ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ച് ദുരന്ത സാധ്യത കണക്കിലെടുത്തുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ